# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 38** **29.06.2016- ൽ മറുപടിക്ക്**

### കൈത്തറി വ്യവസായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>ശ്രീ.എം.രാജഗോപാലൻ<br>ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.സി.കെ.ശശീന്ദ്രൻ | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും കായികവും<br>വകുപ്പ് മന്ത്രി) |
| (എ) കൈത്തറി വ്യവസായം നേരിടുന്ന പ്രയാസങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) ഉണ്ട്.കൈത്തറിമേഖലയിൽ പ്രതിസന്ധികളുടെ കാരണം നെയ്ത്തുകാരുടെ അഭാവം, പ്രവർത്തന മൂലധനത്തിന്റെ കുറവ്, നെയ്ത്തുകാരുടെ കൂലിക്കുറവ്, കൈത്തറി ഉൽപന്നങ്ങളുടെ മാർക്കറ്റ് എന്നിവയാണ്. ഇതു പരിഹരിക്കുന്നതിന് വിവിധ സ്കീമുകൾ കേന്ദ്ര സംസ്ഥാന സർക്കാർ മുഖാന്തിരം നടപ്പാക്കി വരുന്നു. അവ താഴെ പറയുന്നവയാണ്.<br>1) പ്രൊഡക്ഷൻ ഇൻസെന്റീവ് അനുവദിക്കുക വഴി ഉൽപാദന ക്ഷമത വർദ്ധിക്കുന്നു.<br>2) ഇൻകം സപ്പോർട്ട് സ്കീം വഴി മിനിമം 150/- രൂപ വേതനം ഉറപ്പാക്കുന്നു. നൂറു ദിവസം വർഷം പ്രതി 75 രൂപ പ്രകാരം ഇൻകം സപ്പോർട്ടു സ്കീം നടപ്പിലാക്കി ഗവൺമെന്റ് നൽകുന്നുണ്ട്.<br>3) പുതിയ ആൾക്കാർക്ക് നെയ്ത്തിൽ പരിശീലനം നൽകി നെയ്ത്തിനു പ്രാപ്തരാക്കുന്നു.<br>4) നിലവിലുള്ള നെയ്ത്തുകാർക്ക് വൈവിധ്യമാർന്ന ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്നു. ഇതുവഴി ഉൽപാദന ക്ഷമത വർദ്ധിക്കുന്നു. |
| (ബി) കൈത്തറി ഉല്പന്നങ്ങളുടെ വിപണനത്തിനായി സർക്കാർ എന്തൊക്കെ സഹായം ചെയ്തു കൊടുക്കുന്നുണ്ടെന്നറിയിക്കാമോ; വിദേശ വിപണി നേടുന്നതിനായി എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; | (ബി) കൈത്തറി ഉല്പന്നങ്ങളുടെ വിപണനത്തിനായി താഴെ പറയുന്ന സഹായങ്ങൾ സർക്കാർ ചെയ്തു കൊടുക്കുന്നുണ്ട്.<br>1)വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് വിഷു ഓണം,റംസാൻ, ക്രിസ്തുമസ് ഉത്സവകാലത്തോട് അനുബന്ധിച്ച് ജില്ലതോറും കൈത്തറി പ്രദർശനങ്ങൾ, വിൽപ്പനമേളകൾ എന്നിവ സംഘടിപ്പിക്കുന്നു. |

2)റിബേറ്റ് നൽകുന്നു.
3)നിലവിലുള്ള ഷോറൂം നവീകരിക്കുന്നതിനും പുതുതായി നിർമ്മിക്കുന്നതിനും സഹായം നൽകുന്നു. 3 ലക്ഷം രൂപ വരെ സഹായം നൽകുന്നുണ്ട്.
4) സ്കൂൾ യൂണിഫോമിന് 30% പ്രത്യേക റിബേറ്റ് സർക്കാർ അനുവദിക്കുന്നുണ്ട്.
5) കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് പ്രചാരണം നടത്തി വരുന്നു.

കൈത്തറി ഉൽപന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി വിദേശരാജ്യങ്ങളിൽ നടക്കുന്ന പ്രദർശനങ്ങളിൽ പങ്കെടുക്കുന്നതിന് സംഘങ്ങൾക്ക് അവസരം ഉണ്ടാക്കാറുണ്ട്. ഇതിന്റെ ഭാഗമായി ജർമ്മനിയിൽ വച്ച് സംഘടിപ്പിച്ച ഹേംടെക്സ്റ്റൈൽ എക്സിബിഷനിൽ 2 തവണയായി ഹാന്റക്സ്, ഹാൻവീവ്, 5 പ്രാഥമിക കൈത്തറി സംഘങ്ങൾ എന്നിവർ പങ്കെടുത്തിട്ടുണ്ട്. കേരളത്തിനു പുറത്ത് ജയ്പൂർ ഫെസ്റ്റ്, ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ,ഇന്ത്യ ഇന്റർനാഷണൽ ഹാന്റ്ലൂം ഫെയർ, ബാംഗ്ളൂർ ഫെസ്റ്റ് എന്നീ പ്രദർശനങ്ങളിൽ കേരളത്തിന്റെ തനതായ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും അതുവഴി വിപണി വർദ്ധിപ്പിക്കു ന്നതിനും സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ തനതു കൈത്തറി ഉൽപ്പന്നങ്ങളായ കുത്താമ്പുള്ളി സാരികൾ, ബാലരാമപുരം സാരികൾ, കാസർഗോഡ് സാരികൾ, ചേന്ദമംഗലം സെറ്റുമുണ്ടുകൾ, കണ്ണൂർ ഫർണീഷിംഗ് മെറ്റീരിയൽ എന്നിവയ്ക്ക് വിദേശ വിപണി ലക്ഷ്യമാക്കി ഭൗമസൂചിക നിലവാരം ലഭ്യമാക്കിയിട്ടുണ്ട്. ഇത് കൈത്തറി വസ്ത്രങ്ങളുടെ പ്രചാരണം ശക്തമാക്കാൻ സാധിച്ചിട്ടുണ്ട്.

(സി) സർക്കാർ ജീവനക്കാർക്ക് ആഴ്ചയിൽ ഒരു ദിവസമെങ്കിലും കൈത്തറി വസ്ത്രം നിർബന്ധമാക്കാൻ നടപടി സ്വീകരിയ്ക്കുമോ?

(സി) സർക്കാർ ജീവനക്കാരും അദ്ധ്യാപകരും പൊതുമേഖലാ-സഹകരണ മേഖലയിലെ ജീവനക്കാരും ബുധനാഴ്ച ദിവസം ഖാദി/കൈത്തറി വസ്ത്രം ധരിക്കാൻ അഭ്യർത്ഥിച്ച് കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ